# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1643 — 03.10.11 ൽ -മറുപടിക്ക്

### റേഷൻകടകളും കാർഡ് വിതരണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം.ചന്ദ്രൻ | | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) | എത്ര റേഷൻ കടകളാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്; | (എ) | നിലവിൽ സംസ്ഥാനത്ത് 14,261 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് സ്ഥിര താമസമുള്ള എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകുക എന്നതാണ് സർക്കാർ നയം. പുതിയ കാർഡ് ലഭിക്കുന്നതിന് അപേക്ഷകന് മറ്റൊരിടത്തും റേഷൻകാർഡ് ഉണ്ടായിരിക്കാൻ പാടില്ല. ഇതിനായി അപേക്ഷകൻ തനിക്ക് മറ്റൊരിടത്തും റേഷൻ കാർഡില്ല എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അഥവാ മറ്റെവിടെയെങ്കിലും റേഷൻകാർഡുണ്ടെങ്കിൽ അത് സറണ്ടർ ചെയ്ത് /കുറവ് ചെയ്ത് ലഭിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, താമസ സ്ഥലം സംബന്ധമായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ റസിഡൻസ് സർട്ടിഫിക്കറ്റ്, കുട്ടികളുടെ പേര് ചേർക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് എന്നിവ സഹിതം പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ പൂരിപ്പിച്ച് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ/ സിറ്റി റേഷനിംഗ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ആവശ്യമായ അന്വേഷണം നടത്തി അർഹതയുള്ള പക്ഷം റേഷൻ കാർഡ് അനുവദിച്ച് നൽകുന്നു. |

സെക്ഷൻ ഓഫീസർ